F.Y.
March 2017

Reg. No. ...................................

Name ........................................

602

# Part - II

## മലയാളം (Malayalam)

Maximum : 80 Scores

Time : 2½ Hours
Cool off time : 15 Minutes

**നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. **ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

a) മനസ്വിനി എന്ന കവിത ആരുടെ രചനയാണ്?
(ബാലചന്ദ്രൻ ചുള്ളിക്കാട്, വൈലോപ്പിള്ളി, ചങ്ങമ്പുഴ, കുമാരനാശാൻ)

b) കേൾക്കുന്നുണ്ടോ എന്ന ഹ്രസ്വചിത്രം സംവിധാനം ചെയ്തതാരാണ്?
(ബാബു കാമ്പ്രത്ത്, ഹസ്സ, വിറ്റോറിയോ ഡിസീക്ക, ഗീതു മോഹൻദാസ്)

c) 'മഴക്കാറ് കാണുമ്പോഴൊക്കെ അനുരാഗമുണ്ടാവുകയാണെങ്കിൽ നമുക്ക് മറ്റൊന്നിനും നേരമുണ്ടാകില്ല.' – ഏതു കൃതിയുടെ പശ്ചാത്തലത്തിലാണ് എം.എൻ. വിജയൻ ഇങ്ങനെ അഭിപ്രായപ്പെടുന്നത്?
(വാഴക്കുല, കല്യാണസൌഗന്ധികം, മേഘസന്ദേശം, തോരാമഴ)

d) ആദ്യമായി അച്ചടിച്ചു പ്രസിദ്ധീകരിച്ച മലയാള ചെറുകഥ ഏതാണ്?
(വാസനാവികൃതി, ഓർമ്മയുടെ ഞരമ്പ്, ദ്വാരക, ശസ്ത്രക്രിയ) **(4 × 1 = 4)**

**2. താഴെപ്പറയുന്നവയിൽ കൂട്ടത്തിൽപ്പെടാത്തതേത്?**

a) കുമാരനാശാൻ, ചെറുശ്ശേരി, വള്ളത്തോൾ, ഉള്ളൂർ.

b) സീത മുതൽ സത്യവതി വരെ, ഗോസായി പറഞ്ഞ കഥ, അനർഘനിമിഷം, തേൻതുള്ളികൾ.

c) അന്റോണിയോ റിച്ചി, ബ്രൂണോ, സിസറേ സാവ്യട്ടിനി, മരിയ.

d) രാഷ്ട്രതന്ത്രം, മൊഹമഞ്ഞ, മീരാസാധു, ആവേ മരിയ. **(4 × 1 = 4)**

**3. ചേരുംപടി ചേർക്കുക.**

a) കൃഷ്ണകാന്തങ്ങൾ - കണ്ഠനാളം

b) സ്വാതന്ത്ര്യം - ഗർഭപാത്രം

c) ശസ്ത്രക്രിയ - വയ്പുപല്ല്

d) സ്വർണ്ണക്കമ്പികൾ - കണ്ണ് **(4 × 1 = 4)**

**4. ശരിയോ തെറ്റോ എന്നെഴുതുക.**

a) എപ്പോൾ വയസ്സുചോദിച്ചാലും ''ശാറെ, എനക്ക് അമ്പത് വയസ്സാച്ച്'' എന്നുമാത്രം പറയുന്നയാളാണ് മാരി (വേരുകൾ നഷ്ടപ്പെടുത്തുന്നവർ)

b) 'ചട്ടമ്പിസ്സ്വാമികൾ' എന്ന പദത്തിലെ 'കൾ' ബഹുമാനസൂചകമായി പ്രയോഗിക്കുന്ന പ്രത്യയമാണ്. **(2 × 1 = 2)**

**5. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക:**

a) സ്മരണതൻ ദൂരസാഗരം തേടി നീളുന്ന ഹൃദയരേഖകൾ കണ്ടെത്തുന്ന ഓർമകളെന്തൊക്കെയാണ്?

b) കൈപ്പാട് എന്ന ഡോക്യുമെന്ററി ജീവികളുടെ പാരസ്പര്യത്തെ അവതരിപ്പിക്കുന്നതെങ്ങനെയാണ്?

c) 'അവനെ പ്രസവിച്ച അമ്മ ധന്യയാണ്. അവരെപ്പെറ്റ രാജ്യം അഭിമാന്യവും'– കൃതിയും സന്ദർഭവും വിശദമാക്കുക.

d) 'ഞാൻ ഇനി ഈ തൊഴിലിലിരുന്നാൽ നാലാമച്ഛന് അപമാനമേയുള്ളൂ'– കഥാനായകൻ ഇങ്ങനെയൊരു തീരുമാനത്തിലെത്തിച്ചേരാനുള്ള കാരണമെന്തായിരുന്നു? **(4 × 3 = 12)**

**6. അരപ്പുറത്തിൽ ഉത്തരമെഴുതുക.**

a) കാലമിനിയുമുരുളും, വിഷുവരും, വർഷം വരും, തിരുവോണം വരും, പിന്നെ–

യോരോ തളിരിനും പൂവരും കായ്‌വരും

അപ്പൊളാരെന്നുമെന്തെന്നുമാർക്കറിയാം!

നമുക്കിപ്പൊഴീയാർദ്രയെ ശാന്തരായ് സൌമ്യരായെതിരേൽക്കാം

വരിക സഖീയരികത്തു ചേർന്നു നിൽക്കൂ

പഴയൊരു മന്ത്രം സ്മരിക്കാം

അന്യോന്യമൂന്നുവടികളായ് നിൽക്കാം

(സഫലമീയാത്ര – എൻ.എൻ. കക്കാട്)

മാവുകൾ പൂക്കും മാനത്തമ്പിളി വികസിക്കും

മാനുഷർ പരസ്പരം സ്നേഹിക്കും വിഹരിക്കും

ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെ–

യുഴിഞ്ഞാലാക്കിത്തീർക്കാൻ കഴിഞ്ഞതല്ലേ ജയം!

(ഊഞ്ഞാലിൽ – വൈലോപ്പിള്ളി)

– ഇരു കവിതകളിലും പ്രകടമാവുന്ന ആശയങ്ങളെ താരതമ്യം ചെയ്യുക.

b) ചെറുശ്ശേരിയുടെ രചനാരീതിയിലെ ലാളിത്യത്തെക്കുറിച്ച് കുറിപ്പെഴുതുക.

c) 'കേൾക്കുന്നുണ്ടോ' എന്ന പേര് ആ ഹ്രസ്വചിത്രത്തിന് എത്രത്തോളം ഉചിതമാണെന്ന് കണ്ടെത്തുക.

d) 'പുതിയ പുതിയ പാതകളും പദ്ധതികളുമായി വരുന്നവർക്ക് മണ്ണിനെക്കുറിച്ചും വേരുകളെക്കുറിച്ചും എന്തറിയാം!'– വേരുറപ്പില്ലാത്ത പരിഷ്കാരങ്ങളിലൂടെയല്ല, മറിച്ച് പാരമ്പര്യത്തിന്റെ ഊർജ്ജം വേരുകളിലൂടെ വലിച്ചെടുത്താണ് മനുഷ്യരാശി പുരോഗമിക്കേണ്ടതെന്ന് കാട്ടറിവുകളുടെ വെളിച്ചത്തിൽ ലേഖകൻ സമർത്ഥിക്കുന്നത് എപ്രകാരമാണ്?

e) ചലച്ചിത്രഗാനങ്ങൾ ചലച്ചിത്രങ്ങളിൽ ഒഴിച്ചുകൂടാനാവാത്തതാണോ? നിങ്ങളുടെ അഭിപ്രായം എഴുതി, ഉദാഹരണസഹിതം സമർത്ഥിക്കുക.

**(5 × 6 = 30)**

7. **ഒന്നരപ്പുറത്തിൽ ഉത്തരമെഴുതുക.**

a) വൈക്കം മുഹമ്മദ് ബഷീറിന്റെ 'അനർഘനിമിഷം', ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'സന്ദർശനം' എന്നീ രചനകൾ അനിവാര്യമായ വേർപാടിനെ വ്യത്യസ്തമായ രീതികളിൽ അവതരിപ്പിക്കുന്നു. – ഈ അഭിപ്രായം ശരിയാണോ എന്ന് പരിശോധിക്കുക.

**അല്ലെങ്കിൽ**

വാസനാവികൃതി എന്ന ചെറുകഥയുടെ ആഖ്യാനത്തിലെ സവിശേഷതകൾ വ്യക്തമാക്കിക്കൊണ്ട് ആസ്വാദനം തയ്യാറാക്കുക.

b) ശസ്ത്രക്രിയ എന്ന ചെറുകഥയിലെ വൈകാരികാംശത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

സംക്രമണം എന്ന കവിതയിലെ ആശയത്തെ ഇന്നത്തെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധിപ്പിച്ച് നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

c) ഊഞ്ഞാലിൽ എന്ന കവിത, ജീവിതത്തെ ഓരോ മാത്രയിലും പ്രത്യാശയോടെ സമീപിക്കാൻ പ്രേരിപ്പിക്കുന്ന ഒരു രചനയാണ് – ഈ പ്രസ്താവന ശരിയാണോ എന്ന് പരിശോധിക്കുക.

**അല്ലെങ്കിൽ**

സ്വാതന്ത്ര്യവും സുരക്ഷിതത്വവും ഒരേ സമയം അനുഭവിക്കാനാവില്ല എന്ന അഭിപ്രായത്തിന്റെ സാധുതയെ 'മത്സ്യം' എന്ന കവിതയിലെ ആശയത്തെ ആധാരമാക്കി വിശകലനം ചെയ്യുക. **(3 × 8 = 24)**